ഉത്തരം

(എ) ഭക്ഷ്യവസ്തുക്കളുടെയും പാചകവാതകത്തിന്റെയും വില കുത്തനെ വർദ്ധിപ്പിച്ച് ജനജീവിതം കൂടുതൽ ദുരിതപൂർണ്ണമാക്കാനുള്ള കേന്ദ്ര ഗവൺമെന്റ് തീരുമാനത്തിൽ പ്രതിക്ഷേധിച്ച് 9.2.99-ൽ ഇടതുമുന്നണി അനുഭാവികൾ നടത്തിയ ഹർത്താലിനോടനുബന്ധിച്ച് അന്നേദിവസം 11 മണിയോടുകൂടി ഇടതുമുന്നണിയുടെ പ്രാദേശിക നേതാക്കൾ രക്തസാക്ഷി മണ്ഡപത്തിൽനിന്നും മെയിൻ റോഡ് വഴി ജാഥ നടത്തുന്നതിന് സിറ്റി പോലീസ് കമ്മിഷണറിൽനിന്നും മുൻകൂട്ടി അനുവാദം വാങ്ങിയിട്ടില്ലാത്തതിനാൽ ഡ്യൂട്ടിയിലുണ്ടായ പോലീസ് ഉദ്യോഗസ്ഥർ ടി ജാഥ മുന്നോട്ട് നീങ്ങാൻ പാടില്ലാ എന്ന് നിർദ്ദേശിച്ചു. അത് പരിഗണിക്കാതെ ജാഥ മുന്നോട്ട് നയിക്കുകയും അക്കൗണ്ടന്റ് ജനറൽ ഓഫീസിന് മുൻവശംവച്ച് പിരിഞ്ഞുപോയിട്ടുള്ളതുമാണ്. ജാഥ വാഹന ഗതാഗതത്തിനോ, കാൽനടയാത്രക്കാർക്കോ യാതൊരു തടസ്സവും സൃഷ്ടിച്ചിട്ടില്ല. ഈ വിവരങ്ങളാണ് പോലീസ് ഡയറക്ടർ ജനറൽ ഹൈക്കോടതിയിൽ ബോധിപ്പിച്ചിട്ടുള്ളത്.

(ബി) ഉണ്ട്.

(സി) തിരുവനന്തപുരം പ്രിൻസിപ്പൽ മുനിസിഫ് കോടതിയുടെ ഒ.എസ്. നമ്പർ 1625/95 തീയതി 14.2.1995-ലെ ഉത്തരവ് പ്രകാരം എല്ലാ പ്രവൃത്തി ദിവസങ്ങളിലും രാവിലെ 9.30 മുതൽ 11 വരെയും വൈകിട്ട് 4 മണി മുതൽ 6 വരെയും പാളയം എൽ.എം.എസ്. ചർച്ച് മുതൽ കിഴക്കേക്കോട്ടവരെയുള്ള മെയിൻ റോഡിൽ പ്രകടനം/ഘോഷയാത്ര എന്നിവ നടത്തുന്നത് നിരോധിച്ചിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

34 (34) കോഴിക്കോട് ആഫ്റ്റർ കെയർഹോമിൽ പ്രവേശനം നിഷേധിച്ച സംഭവം

ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ആഫ്റ്റർ കെയർഹോമിൽ മുംബൈയിൽനിന്നും പോലീസ് കൊണ്ടുവന്ന പെൺകുട്ടിയെ എയ്ഡ്സ് ബാധയുണ്ടെന്ന കാരണത്താൽ പ്രവേശിപ്പിക്കാതിരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) ഇത്തരം രോഗം ബാധിച്ച് എത്തുന്നവരെ സംരക്ഷിക്കുന്നതിന് സർക്കാർ എന്തെങ്കിലും സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മാല എന്നു വിളിക്കുന്ന പ്രിയശ്രീധരൻനായർ എന്ന പെൺകുട്ടിയെ മുംബൈയിൽനിന്നും പോലീസ് എസ്കോർട്ടോടുകൂടി 27-5-99-ന് കോഴിക്കോട് ജുവനൈൽ ഹോം സൂപ്രണ്ടിന്റെ മുമ്പാകെ ഹാജരാക്കി. കുട്ടിയെ രക്ഷിതാക്കൾക്ക് ഏൽപ്പിക്കുകയോ അല്ലാത്തപക്ഷം ഒബ്സർവേഷൻ

LIBRARY ARCHIVES Kerala Legislative Assembly

ഹോമിൽ പ്രവേശിപ്പിച്ച സ്ഥലത്തെ ജുവനൈൽ വെൽഫെയർ ബോർഡ് മുമ്പാകെ ഹാജരാക്കുകയോ ചെയ്യണമെന്ന മുംബൈ ജുവനൈൽ വെൽഫയർ ബോർഡിന്റെ ഉത്തരവു പ്രകാരമാണ് ഇപ്രകാരം ചെയ്തത്. ജുവനൈൽ വെൽഫയർ ബോർഡ് കൂടുന്ന ദിവസമായതിനാൽ കുട്ടിയെ നേരിട്ട് ജുവനൈൽ വെൽഫെയർ ബോർഡ് മുമ്പാകെ തന്നെ ഹാജരാക്കി. ചെയർമാൻ ടി കുട്ടിയോട് കാര്യങ്ങൾ അന്വേഷിച്ചതിൽ മാലയുടെ വയസ്സ് സംബന്ധിച്ച് സംശയം ഉണ്ടായി. മാത്രമല്ല കുട്ടിക്ക് എച്ച്.ഐ.വി. പോസിറ്റീവ് റിപ്പോർട്ടും ഉണ്ടെന്നുള്ളതിനാൽ ജെ.ജെ. ഹോമിൽ പ്രവേശിപ്പിക്കുവാൻ സാധിക്കുകയില്ലെന്നും ബോർഡ് തീരുമാനിച്ചു. കുട്ടിയെ എവിടെ പ്രവേശിപ്പിക്കണമെന്ന കാര്യത്തിൽ തീരുമാനമാകാത്ത കാരണം ജില്ലാ കളക്ടറുടെ മുമ്പാകെ ഹാജരാക്കി. അവിടെയും ഒരു തീരുമാനത്തിലെത്താത്തതുകൊണ്ട് സിറ്റി പോലീസ് കമ്മിഷണറുടെ നിർദ്ദേശപ്രകാരം അവിടത്തെ വനിതാപോലീസുകാർ ഈ കുട്ടിയെ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റിന്റെ മുമ്പാകെ ഹാജരാക്കുവാനും, പുനരധിവസിപ്പിക്കുവാനും ചെയർമാനോട് നിർദ്ദേശിച്ചു. എന്നാൽ ചെയർമാൻ പ്രവേശനം നൽകുവാൻ വിസമ്മതിച്ചതിന്റെ അടിസ്ഥാനത്തിൽ വനിതാ സ്റ്റേഷനിൽ ആ രാത്രി കഴിഞ്ഞുകൂടുകയും, പിന്നീട് മാലയെ കോഴിക്കോട് സെഷൻസ് കോടതി മുമ്പാകെ ഹാജരാക്കുകയും ചെയ്തു. സെഷൻസ് കോടതി കുട്ടിയെ ജുവനൈൽ ഹോമിലോ, ആഫ്റ്റർ കെയർഹോമിലോ പ്രവേശിപ്പിക്കുവാൻ ഉത്തരവായി. പോലീസ് 20-5-1999-ന് മാലയെ കോഴിക്കോട് ആഫ്റ്റർ കെയർ ഹോമിൽ പ്രവേശിപ്പിക്കുകയാണ് ഉണ്ടായത് മാലയെ മെഡിക്കൽ പരിശോധനയ്ക്ക് വിധേയയാക്കണമെന്നും, സെഷൻസ് കോടതി നിർദ്ദേശിച്ചു. അതിനാൽ 1-6-99-ന് പെൺകുട്ടിയെ പോലീസ് എസ്കോർട്ടോടുകൂടി കൊണ്ടുപോയി മെഡിക്കൽ പരിശോധനയ്ക്ക് വിധേയയാക്കി. എലിസാ ടെസ്റ്റും, വയസ് തെളിയിക്കുന്ന ടെസ്റ്റുമാണ് നടത്തിയത്. അന്ന് തന്നെ കോടതി നിർദ്ദേശമനുസരിച്ച് മാലയെ തവന്നൂർ റെസ്ക്യൂ ഹോമിൽ പ്രവേശിപ്പിക്കുകയും ചെയ്തു. ഇപ്പോൾ ഈ കുട്ടി തവന്നൂർ റെസ്ക്യൂഹോമിൽ സുരക്ഷിതയായി കഴിയുകയാണ്.

മെഡിക്കൽ പരിശോധനകളുടെ റിപ്പോർട്ട് പ്രകാരം കുട്ടി എച്ച്.ഐ.വി. പോസിറ്റീവാണെന്നും കുട്ടിക്ക് 17-നും, 18-നും മദ്ധ്യേ പ്രായമുണ്ടെന്നും തെളിഞ്ഞിട്ടുണ്ട്. കുട്ടിയുടെ രക്ഷിതാക്കളെപ്പറ്റി പാലക്കാട് ജില്ലാ പ്രൊബേഷൻ ഓഫീസർ അന്വേഷണം നടത്തിയെങ്കിലും ഫലമുണ്ടായിട്ടില്ല.

ഈ കുട്ടിയെ കോടതി ഉത്തരവ് വാങ്ങിയശേഷം മറ്റ് ഏതെങ്കിലും സ്ഥാപനത്തിൽ സംരക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) എച്ച്.ഐ.വി. രോഗാണു ബാധിച്ചവർക്ക് പത്തുവർഷംവരെ സമൂഹത്തിൽ മറ്റുള്ളവർക്കൊപ്പം ജീവിക്കാവുന്നതാണ്. ഇക്കൂട്ടർക്ക് പ്രത്യേക സംരക്ഷണം ആവശ്യമില്ല. രോഗലക്ഷണങ്ങൾ പ്രകടമായവർക്ക് ചികിത്സ നൽകുന്നതിനുള്ള സംവിധാനം എല്ലാ സർക്കാർ ആശുപത്രികളിലും ലഭ്യമാണ്.

35 (35) വോട്ടർ പട്ടിക പുതുക്കൽ

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u> :

<u>ശ്രീമതി റോസമ്മ ചാക്കോ</u> :

<u>ശ്രീ. ബി. വിജയകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly